# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *26 03.02.2020-ൽ മറുപടിക്ക്

## യു. എ. പി. എ. കേസ്സുകൾ

| | ചോദ്യം<br><br>ശ്രീ.പാറക്കൽ അബ്ദുല്ല<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന പോലീസിന് യു.എ.പി.എ. പ്രകാരം കേസ്സെടുക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമാണോ; | (എ) | യു.എ.പി.എ. പ്രകാരം കേസ്സെടുക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല. |
| (ബി) | സംസ്ഥാന പോലീസ് യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവന്ന ഏതെങ്കിലും കേസ്സ് ഈ സർക്കാർ കാലയളവിൽ കേന്ദ്ര ഏജൻസി ആയ എൻ.ഐ.എ. ഏറ്റെടുത്തിട്ടുണ്ടോ; | (ബി) യും (സി) യും | അത്തരത്തിലുള്ള എട്ട് കേസ്സുകൾ ഈ സർക്കാരിന്റെ കാലയളവിൽ എൻ.ഐ.എ. ഏറ്റെടുത്തിട്ടുണ്ട്. എൻ.ഐ.എ ആക്ടിലെ 6(4), 6(5) വകുപ്പുകൾ പ്രകാരം ഏതെങ്കിലും ഒരു offence എൻ.ഐ.എ ആക്ട് പ്രകാരമുള്ള ഒരു scheduled offence ആണെന്ന് ബോധ്യപ്പെട്ടാൽ കേന്ദ്ര സർക്കാരിന് ടി കേസിന്റെ അന്വേഷണം ഏറ്റെടുക്കുവാൻ എൻ.ഐ.എ-യ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്.<br><br>എൻ.ഐ.എ ഏറ്റെടുത്ത യു.എ.പി.എ കേസ്സുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. കാസറഗോഡ് ജില്ലയിലെ ചന്ദേര പോലീസ് സ്റ്റേഷൻ ക്രൈം നം.534/16. |
| (സി) | എങ്കിൽ ആയതിന്റെ സാഹചര്യവും വിശദാംശവും വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | 2. കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷൻ ക്രൈം നം.1010/17.<br>3. പാലക്കാട് ജില്ലയിലെ ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ ക്രൈം നം. 699/16.<br>4. പാലക്കാട് ജില്ലയിലെ കസബ പോലീസ് സ്റ്റേഷൻ ക്രൈം നം.509/16.<br>5. കോഴിക്കോട് ജില്ലയിലെ പന്തീരൻകാവ് പോലീസ് സ്റ്റേഷൻ ക്രൈം നം. 507/19.<br>6. മലപ്പുറം ജില്ലയിലെ വണ്ടൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 263/17.<br>7. എറണാകുളം ജില്ലയിലെ പാലാരിവട്ടം പോലീസ് സ്റ്റേഷൻ ക്രൈം നം. 1017/16.<br>8. എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ പോലീസ് സ്റ്റേഷൻ ക്രൈം നം.2721/17. |

സെക്ഷൻ ഓഫീസർ